**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1019** **18-09-2025 - ൽ മറുപടിയ്ക്ക്**

**വനം കുറ്റകൃത്യങ്ങളിലെ പുനരന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം കുറ്റകൃത്യങ്ങൾ അന്വേഷിക്കാനും കുറ്റപത്രം നൽകാനും റേഞ്ച് ഓഫീസർമാർക്ക് അധികാരം നൽകുന്ന ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ, മുമ്പ് കോടതിയിൽ തള്ളിപ്പോയ കേസുകളിൽ അപ്പീൽ നൽകി അന്വേഷണം നടത്തുന്നതിന് വനംവകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എത്ര കേസുകളിലാണ് അപ്പീൽ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | തീരുമാനിച്ചിട്ടുണ്ട്. ആകെ 21 കേസുകൾ ഉള്ളതിൽ ഒരു കേസിൽ അപ്പീൽ നൽകിയിട്ടുണ്ട്. ബാക്കി 20 കേസുകളിൽ അപ്പീൽ നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഹൈറേഞ്ച് സർക്കിളിൽ 4 കേസുകളും, ഈസ്റ്റേൺ സർക്കിളിന് കീഴിൽ 9 കേസുകളും, വൈൽഡ് ലൈഫ് കോട്ടയത്തിന് കീഴിൽ 3 കേസുകളും, നോർത്തേൺ സർക്കിളിൽ 4 കേസുകളിലുമാണ് അപ്പീൽ നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. |
| (ബി) | അന്വേഷണ ഉദ്യോഗസ്ഥന് അധികാരമില്ലെന്ന കാരണത്താൽ 2017 മുതൽ നാളിതുവരെ വനം വകുപ്പിന്റെ എത്ര കേസുകൾ കോടതിയിൽ തള്ളിപോയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദവിവരം നൽകുമോ; | (ബി) | അന്വേഷണ ഉദ്യോഗസ്ഥന് അധികാരമില്ലെന്ന കാരണത്താൽ 2017 മുതൽ നാളിതുവരെ 34 കേസുകളാണ് തള്ളിപ്പോയിട്ടുള്ളത്. ഹൈറേഞ്ച് സർക്കിളിൽ 4 കേസുകളും, സെൻട്രൽ സർക്കിളിൽ 17 കേസുകളും, ഈസ്റ്റേൺ സർക്കിളിൽ 9 കേസുകളും, വൈൽഡ്‌ലൈഫ് കോട്ടയത്തിന് കീഴിൽ 3 കേസുകളും, നോർത്തേൺ സർക്കിളിൽ 1 കേസുമാണ് ഇപ്രകാരം തള്ളിപ്പോയിട്ടുള്ളത്. |
| (സി) | മേൽപ്പറഞ്ഞ എല്ലാ കേസുകളിലും അപ്പീൽ നൽകി പുനർ അന്വേഷണം നടത്തുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ? | (സി) | നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ